# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4100 26.06.2013-ൽ മറുപടിക്ക്**

**നവോദയപുരം പട്ടികജാതി കോളനിയിലെ കടിവെള്ള ക്ഷാമം**

| **ചോദ്യം**<br>ശ്രീ.ജോസ് തെറ്റയിൽ | | **മറുപടി**<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂർ-നീലിശ്വരം പഞ്ചായത്തിലെ നവോദയപുരം (ചീത്തപ്പാറ) പട്ടികജാതി കോളനിയിലെ കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് അനുവദിച്ച 45 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിക്കുന്നതിലെ കാലതാമസം വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | മലയാറ്റൂർ -നീലിശ്വരം പഞ്ചായത്തിലെ നവോദയപുരം (ചീത്തപ്പാറ) പട്ടികജാതി കോളനിയിലെ കടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് അനുവദിച്ച 45 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് 06.03.2013 ൽ ഭരണാനുമതി നൽകി. താഴെപ്പറയുന്ന ജോലികളാണ് ടി പദ്ധതിയുടെ പുനരുദ്ധീകരണത്തിന് ആവശ്യമായി വരുന്നത്.<br>1. സ്രോതസ്സ് അഭിവൃദ്ധിപ്പെടുത്തൽ<br>2. പമ്പ് ഹൗസ്, OH ടാങ്ക് എന്നിവയുടെ പുനരുദ്ധീകരണം.<br>3. ജല ശുദ്ധീകരണത്തിന് പ്രഷർ ഫിൽട്ടർ സ്ഥാപിക്കുക.<br>4. പുതിയ പമ്പ് സെറ്റ് സ്ഥാപിക്കുക.<br>5.കോളനിയുടെ എല്ലാ ഭാഗത്തും വിതരണ ശൃംഖല സ്ഥാപിക്കുക<br>6.നിലവിലുള്ള വിതരണ ശൃംഖലയുമായി പുതിയ പൈപ്പ് ലൈൻ ബന്ധിപ്പിക്കുന്ന ജോലികൾ.<br>മേൽപ്പറഞ്ഞ ജോലികളുടെ ചില |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |

| | | |
|---|---|---|
| | | നിരക്കുകൾക്ക് അംഗീകാരം നൽകു ന്നതിനുള്ള നടപടി ചീഫ് എഞ്ചിനീ യറുടെ ഓഫീസിൽ സ്വീകരിച്ചിട്ടുണ്ട്. ഈ നിരക്കുകൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സാങ്കേതികാനുമതി നൽകുന്നതാണ്. സാങ്കേതികാനുമതിക്ക് ശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (സി) ഈ കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണ ജോലികൾ 2014 മാർച്ച് മാസം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ